CAREERINDIA

**SET – 4**

**Series : GBM/C**

**Code No. 12**

**Roll No.** | | | | | | | |

Candidates must write the Code on the title page of the answer-book.

- Please check that this question paper contains **4** printed pages.
- Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains **4** questions.
- **Please write down the Serial Number of the question before attempting it.**
- 15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer-book during this period.

# മലയാളം

## MALAYALAM

*അനുവദിച്ച സമയം : 3 മണിക്കൂർ* *ആകെ മാർക്ക് : 100*

*Time allowed : 3 hours* *Maximum Marks : 100*

1. (a) ഉപമാലങ്കാരത്തിന്റെ ലക്ഷണവും ലക്ഷ്യവുമെഴുതി മാലോപമ രശനോപമ ഇവ നിർവ്വചിച്ച് ഉദാഹരിക്കുക. **8**

**അല്ലെങ്കിൽ**

ഉപമാലങ്കാരം എന്തെന്ന് വിശദമാക്കി ലുപ്തോപമ സാവയവോപമ ഇവ ഉദാഹരണസഹിതം വിശദമാക്കുക.

(b) ഉൽപ്രേക്ഷാലങ്കാരം ലക്ഷ്യലക്ഷണസമന്വയം നടത്തുക. ധർമ്മോൽപ്രേക്ഷ ഹേതൂൽപ്രേക്ഷ ഇവ എന്തെന്ന് വിശദമാക്കി ഉദാഹരണമെഴുതി സമന്വയിപ്പിക്കുക. **7**

**അല്ലെങ്കിൽ**

ഉൽപ്രേക്ഷ നിർവ്വചിച്ച് ഫലോൽപ്രേക്ഷ, ധർമ്മ്യുൽപ്രേക്ഷ ഇവ നിർവ്വചനവും ഉദാഹരണവുമെഴുതി സമന്വയിപ്പിക്കുക.

www.careerindia.com

CAREERINDIA

2. (a) ഇലക്ട്രോണിക്സ് മാധ്യമങ്ങൾ മനുഷ്യന്റെ ചിന്താശക്തിക്കും ഓർമ്മശക്തിയ്ക്കും വിലങ്ങുതടിയാവുന്നുണ്ടോ ? എന്താണതിനു പോംവഴി ? ഈ വിഷയത്തെ അടിസ്ഥാനമാക്കി നടന്ന ചർച്ചയെക്കുറിച്ച് ഒരു പത്രറിപ്പോർട്ട് തയ്യാറാക്കുക. **7**

**അല്ലെങ്കിൽ**

നഗരവല്ക്കരണം മനുഷ്യനെ ഒറ്റപ്പെടുത്തുന്നുവോ ? ഈ വിഷയത്തെ മുൻനിർത്തിയുണ്ടായ ചർച്ചയുടെ ഒരു റിപ്പോർട്ട് തയ്യാറാക്കുക.

(b) സ്ത്രീത്വം അപമാനിക്കപ്പെടുന്നത് തുടർക്കഥയാകുന്ന ഇന്നത്തെ സാഹചര്യത്തിൽ അതിനുള്ള കാരണങ്ങളും പരിഹാര നിർദ്ദേശങ്ങളും ഉൾപ്പെടുത്തി പത്രാധിപർക്ക് കത്ത് തയ്യാറാക്കുക. **8**

**അല്ലെങ്കിൽ**

ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വീകരിക്കേണ്ടതായ കാതലായ മാറ്റങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് പ്രമുഖ പത്രത്തിലേക്ക് കത്തെഴുതുക.

(c) താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ലോകത്തിന്റെ പല ഭാഗത്തും അപ്രതീക്ഷിതമായ ജലക്ഷാമവും കടുത്ത വരൾച്ചയും നേരിടുകയാണ്. ലോകത്തിലെ ആകെ ജലത്തിന്റെ 97 ശതമാനവും കടൽവെള്ളത്തിന്റെ രൂപത്തിലാണ് സംഭരിക്കപ്പെട്ടിരിക്കുന്നത്. ഗാർഹിക, കാർഷിക ആവശ്യങ്ങൾക്ക് കടൽജലം ഫലപ്രദമായി വിനിയോഗിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ഗാർഹിക ആവശ്യങ്ങൾക്കായി റിവേഴ്സ് ഓസ്മോസിസ് പ്രക്രിയയിലൂടെ കടൽവെള്ളത്തെ ശുദ്ധീകരിക്കാനാകും. വരണ്ട പ്രദേശങ്ങളിൽ ഉപ്പുവെള്ളം ശുദ്ധീകരിക്കാൻ സോളാർ ഡീഹൈഡ്രേഷൻ എന്ന മാർഗ്ഗം ഉപയോഗപ്പെടുത്താം. കടൽജലത്തിന്റെ സ്വഭാവത്തിനിണങ്ങുന്ന കൃഷിയിനങ്ങൾ തെരഞ്ഞെടുക്കുകയാണ് പ്രധാനം. ഇത്തരത്തിൽ എം.എസ്.എസ്.ആർ.എഫ് തമിഴ്നാട്ടിലെ വേദാരണ്യത്ത് ജനറ്റിക് ഗാർഡൻ ഓഫ് ഹാലോഫൈറ്റ്സ് സ്ഥാപിച്ചിട്ടുണ്ട്. സാമ്പത്തിക ലാഭം നേടിത്തരുന്ന സാലികോർണിയ എന്നയിനം കണ്ടലാണ് ഇവിടെ നട്ടുപിടിപ്പിച്ചിട്ടുള്ളത്. സാമ്പത്തിക ലാഭത്തിനു പുറമേ ഇവ ഭക്ഷ്യയോഗ്യവും ഇന്ധനമായി ഉപയോഗപ്പെടുത്താവുന്നവയുമാണ്. കടലോര പ്രദേശങ്ങളിൽ തെങ്ങും കശുമാവും കൃഷി ചെയ്യാം. ഇത്തരത്തിൽ കടൽവെള്ളത്തെ ആഹാരത്തിന്റെയും വരുമാനത്തിന്റെയും തൊഴിലിന്റെയും വലിയ സ്രോതസ്സായി മാറ്റാനാകും. 1930-ലെ ദണ്ഡിമാർച്ചിലൂടെ ഗാന്ധിജി കടൽജലം വിലപിടിപ്പുള്ള സാമൂഹിക സ്രോതസ്സാണെന്ന് വ്യക്തമാക്കി. കടലോര പ്രദേശങ്ങളിൽ കടൽജലം ഉപയോഗിച്ചുള്ള കൃഷി രീതി വരുംകാലങ്ങളിൽ കൂടുതൽ സ്വീകരിക്കപ്പെടുകതന്നെ ചെയ്യും. ഇത്തരം കൃഷിരീതികൾ മത്സ്യബന്ധനത്തെ മാത്രം ആശ്രയിച്ചുകഴിയുന്ന കടലോര ജനതയ്ക്ക് സാമ്പത്തിക പരിരക്ഷയും ഉറപ്പാക്കും. ഇന്ത്യയിലും ലോകത്തിന്റെ മറ്റു

www.careerindia.com

CAREERINDIA

പല ഭാഗങ്ങളിലും രൂക്ഷമായിക്കൊണ്ടിരിക്കുന്ന ജലക്ഷാമം, കടൽജലം ഉപയോഗക്ഷമമാക്കുന്നതിനെപ്പറ്റിയുള്ള കൂടുതൽ ഗവേഷണങ്ങൾക്ക് കാരണമായേക്കാം. ജലക്ഷാമത്തിന് പരിഹാരം അതിലൂടെ സാധ്യമാകുമെന്ന് പ്രതീക്ഷിക്കാം.

(i) കടൽവെള്ളം ജീവിതാവശ്യത്തിന് ഉപയോഗിക്കേണ്ടി വരുന്ന സാഹചര്യം ഏതാണ്? **2**

(ii) കടൽവെള്ളത്തിന്റെ ശുദ്ധീകരണം എപ്രകാരം സാധ്യമാക്കാം ? **2**

(iii) സാലികോർണിയ എന്നയിനം കണ്ടലിന്റെ പ്രത്യേകതയെന്ത്? **2**

(iv) ഗാന്ധിജി എപ്രകാരമാണ് കടൽവെള്ളത്തിന്റെ മൂല്യം വെളിവാക്കിയത്? **2**

(v) കടലോര ജനതയ്ക്ക് സാമ്പത്തിക സുരക്ഷ എപ്രകാരം ഉറപ്പാക്കാം ? **2**

3. (a) താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **$6 \times 5 = 30$**

(i) "ഈ കൊമാലയിൽ വരണ്ടുപോകാത്ത ചില ഇടങ്ങൾ ഇനിയും ബാക്കിയുണ്ട്." കഥാനായകൻ ഇങ്ങനെ ചിന്തിക്കാനിടയായ സാഹചര്യം എന്ത് ? അദ്ദേഹത്തിന്റെ ഈ ചിന്ത കഥാഗതിയെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക.

(ii) "യൗവ്വനത്തിന്റെ ഫലമല്ല ഈ ലോകത്തിന്റെ വിസ്തൃതി." ഈ വരിയിലൂടെ ഉപന്യാസകാരൻ നമ്മെ ചിന്തിപ്പിക്കുന്നതെന്ത് ?

(iii) ഇന്നത്തെ പരിഷ്കൃത ജീവിതം ഒരു കല്ലുവച്ച നുണയാണോ ? നിങ്ങളുടെ അഭിപ്രായം ക്രോഡീകരിക്കുക.

(iv) "അജ്ഞാതമായ ആനന്ദത്തെ കരസ്ഥമാക്കാൻ ലോകം മുഴുവൻ അരിച്ചു നടക്കണമെന്നില്ല." ആരാണ് ഇപ്രകാരം എഴുതിയത്? കാരണമെന്ത്?

(v) ആരാണ് നല്ല മനുഷ്യൻ എന്ന ചോദ്യത്തിന്റെ ഉത്തരമായിരുന്നത്രെ 'ബഷീർ ദ മാൻ'. എം. എ. റഹ്മാന്റെ ഈ പ്രസ്താവന ഡോക്യുമെന്ററിയെ അടിസ്ഥാനമാക്കി പരിശോധിക്കുക.

(vi) 'വിളി' എന്ന കവിത അതിന്റെ ധ്വനിതലം നിർമ്മിച്ചെടുക്കുന്നത് എപ്രകാരമെന്ന് രണ്ട് ഉദാഹരണങ്ങളെ മുൻനിർത്തി വിശദീകരിക്കുക.

(vii) "ആയുർവേദത്തെ ടൂറിസ്റ്റുകളുപയോഗിക്കുന്നത് ആ ചികിത്സാരീതിയ്ക്കോ കേരളത്തിനോ ഗുണം ചെയ്യുമെന്ന് കരുതിക്കൂടാ." – ഇപ്രകാരം പ്രസ്താവിക്കുന്നത് ആര് ? കാരണം വിശദമാക്കുക.

(viii) 'ഹിഗ്വിറ്റ' എന്ന കഥയുടെ ബൈബിൾ പശ്ചാത്തലം കഥയ്ക്ക് എപ്രകാരം മാറ്റുകൂട്ടുന്നുവെന്ന് വിശകലനം ചെയ്യുക.

www.careerindia.com

CAREERINDIA

(b) താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **4 × 5 = 20**

(i) "എല്ലാം വിടർന്നു പരിമളം തൂവട്ടേ-
യെല്ലാം ചിതറട്ടേ വർണ്ണശോഭ
എല്ലാമിതളുകൾ നീട്ടി വലിപ്പമാർ-
ന്നുല്ലാഘഭാവമിയന്നിടട്ടേ."

– ആശാന്റെ ഈ വരികളിൽ തെളിയുന്ന സ്വാതന്ത്ര്യം, സമത്വം എന്നിവയെക്കുറിച്ചുള്ള ദർശനങ്ങൾ വിശകലനം ചെയ്യുക.

(ii) ആധുനിക ജീവിതത്തിൽ മനുഷ്യന് നഷ്ടപ്പെടുന്ന മൂല്യങ്ങളെയും ഉപഭോഗ സംസ്കാരത്തിന്റെ തള്ളിക്കയറ്റത്തെയും മനോഹരമായി ചിത്രീകരിക്കുന്ന കവിതയാണ് 'മനുഷ്യപ്രദർശന'മെന്ന് സമർത്ഥിക്കുക.

(iii) "ചാട്ടവാറണിനാവിനാൽ, കൈയാൽ
വേട്ടപെണ്ണിനെത്തല്ലിടും മേളം."

– സന്ദർഭം പറഞ്ഞ് ചാട്ടവാറണിനാവിനാൽ പറഞ്ഞ വാക്കുകളുടെ അർത്ഥ സാധ്യതകൾ കണ്ടെത്തുക.

(iv) ആത്മവിശ്വാസവും പ്രയത്നവും ഇല്ലാത്തവന് സമൂഹത്തിൽ നിലനിൽപ്പില്ല എന്ന് 'തിരസ്കാര'ത്തിലൂടെ എപ്രകാരമാണ് കവി വെളിപ്പെടുത്തുന്നതെന്ന് വിചിന്തനം ചെയ്യുക.

(v) മനുഷ്യരുടെ കൂട്ടായ്മ സമൂഹത്തിന്റെ ഉന്നമനത്തിന് കാരണമായിത്തീരും എന്ന കവിയുടെ പ്രത്യാശ എപ്രകാരമാണ് 'മാറ്റുവിൻ ചട്ടങ്ങളെ' എന്ന പാഠഭാഗത്ത് തെളിയുന്നതെന്ന് വിവരിക്കുക.

(vi) "അപ്പൊഴും മർത്ത്യശില്പങ്ങൾ വിളിക്കുന്നു
മൃത്യുവില്ലാത്തോൾ പ്രദർശനം കാണുക."

– സന്ദർഭം പറഞ്ഞ് ആശയം വിശദമാക്കുക.

4. താഴെ കൊടുത്തിട്ടുള്ളവയിൽ ഏതെങ്കിലും **ഒരു** ചോദ്യത്തിന് ഉത്തരമെഴുതുക. **1 × 10 = 10**

(i) വാസു എന്ന കുട്ടിയിൽനിന്ന് എം.ടി. എന്ന മഹാനായ സാഹിത്യകാരനിലേയ്ക്കുള്ള വളർച്ചയെ സഹായിച്ച ജീവിത സാഹചര്യങ്ങൾ പ്രതിപാദിക്കുക.

(ii) എം.ടി.യുടെ അമ്മയെക്കുറിച്ചുള്ള ഓർമ്മക്കുറിപ്പുകൾ ക്രോഡീകരിച്ചെഴുതുക.

---



www.careerindia.com